LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം

323 (327) ശ്രീ. ടി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു വിഭാഗം ജീവനക്കാർ പെൻഷൻ പ്രായം ഉയർത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ നൽകിയ ഹർജി പരിഗണിക്കവെ സർക്കാർ അഭിഭാഷകനും കെ.എസ്.ആർ.ടി.സി.യുടെ അഭിഭാഷകനും മൗനം പാലിച്ചതിനാൽ ഹർജിക്കാർക്ക് അനുകൂലമായ കോടതി ഉത്തരവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പെൻഷൻ പ്രായം ഉയർത്തുന്ന നിലപാട് സ്വീകരിക്കുന്നത് ഉദ്യോഗാർത്ഥികൾക്ക് കനത്ത പ്രഹരമാകുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടില്ല.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ അഭിഭാഷകൻ കെ.എസ്.ആർ.ടി.സി.യുടെ ഭാഗം ബഹുമാനപ്പെട്ട കോടതിയെ ബോദ്ധ്യപ്പെടുത്തിയതായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) എതിർ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ബസ് ചാർജ്ജ് വർദ്ധനവ്

324 (328) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര തവണ സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ബസ് ചാർജ്ജ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ;

(സി) ഓരോ തവണയും ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ സാമ്പത്തിക നേട്ടം വിശദമാക്കാമോ ;

(ഡി) ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്ന് തവണ. (8-8-2011, 11-11-2012, 20-5-2014)

(ബി) ഡീസൽ, സ്പെയേഴ്സ്, ലൂബ്രിക്കൻസ് ഇവയിലുണ്ടാകുന്ന വില വർദ്ധനവിന്റെ അടിസ്ഥാനത്തിലും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, പെൻഷൻ, ബസ്സിന്റെ ഇൻഷ്വറൻസ് പ്രീമിയം തുടങ്ങി മറ്റ് അനുബന്ധ ചെലവുകളിലുണ്ടാകുന്ന വർദ്ധനവിന്റെ വെളിച്ചത്തിലുമാണ് കാലാകാലങ്ങളിൽ സർക്കാർ ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത്.

(സി) 8-8-2011-ൽ 9.28 ശതമാനവും 11-11-2012-ൽ 18.24 ശതമാനവും 20-5-2014-ൽ 15.60 ശതമാനവും വർദ്ധനവ് ടിക്കറ്റ് നിരക്കിൽ ഉണ്ടായിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന പെൻഷൻ ബാധ്യത നിറവേറ്റുന്നതിനായുള്ള തുക കണ്ടെത്താൻ കഴിയാത്തതും കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കൂടിയ പലിശ നിരക്കിൽ (14.50 മുതൽ 16.25 ശതമാനം വരെ) വായ്പയെടുത്ത് വന്നതിന്റെ തിരിച്ചടവ് ഇനത്തിൽ 50 കോടി രൂപയോളം പ്രതിമാസം ചെലവഴിക്കേണ്ടി വരുന്നതുമാണ് കോർപ്പറേഷന് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നതിന്റെ ഒരു പ്രധാന കാരണം. ഇതിനുപുറമെ, പ്രതിമാസം പെൻഷൻ വിതരണത്തിനായി വീണ്ടും വീണ്ടും കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും വായ്പ എടുക്കേണ്ടി വരുന്നതു വഴി വായ്പാ തിരിച്ചടവ് തുക പ്രതിമാസം വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. കൂടാതെ സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ വിവിധ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നത് വഴിയും കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ട്.

വാഹനാപകടങ്ങൾ

325 (329) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2015 ജനുവരി മുതൽ മേയ് വരെ കോഴിക്കോട് ജില്ലയിൽ ദേശീയ പാതയിലും സംസ്ഥാനപാതയിലുമായി എത്ര വാഹന അപകടങ്ങളിലായി എത്ര മരണങ്ങളുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) മഴക്കാലത്ത് റോഡ് അപകടങ്ങൾ ഇല്ലാതാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) കോഴിക്കോട്- കണ്ണൂർ, കോഴിക്കോട്-കുറ്റിയാടി റൂട്ടിലെ സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം മൂലമുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റൂട്ടുകളിൽ ഓടുന്ന സ്വകാര്യ ബസ്സുകൾ സ്പീഡ് ഗവർണർ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മുഴുവൻ ബസ്സുകളും അടിയന്തിരമായി പരിശോധിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?